**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1850** | **21.01.2014 ൽ മറുപടിയ്ക്ക്** |

**കേരള അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ടിന്റെ പ്രവർത്തനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) കേരള അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ടിന്റെ പ്രവർത്തനം പരിശോധിക്കാറുണ്ടോ ; വിശദമാക്കാമോ ; | (എ) കേരള അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ടിന്റെ പ്രവർത്തനം പരിശോധിക്കുന്നതിനായി അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഈ വെൽഫെയർ ഫണ്ടിൽ എത്ര പേർ അംഗങ്ങളായുണ്ട്; | (ബി) വെൽഫെയർ ഫണ്ടിൽ ആകെ 66002 പേർ അംഗങ്ങളായിട്ടുണ്ട്. |
| (സി) സംസ്ഥാനത്താകെ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുവെന്നും എല്ലാ അംഗൻവാടികളിലു-മായി എത്ര ജീവനക്കാരുണ്ടെന്നും അറിയിക്കാമോ ; | (സി) സംസ്ഥാനത്താകെ 33109 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ 33093 വർക്കർമാരും 32909 ഹെൽപ്പർമാരും നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. |
| (ഡി) നിലവിൽ എത്ര പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നു; പെൻഷനുവേണ്ടിയുള്ള എത്ര അപേക്ഷകൾ തീർപ്പാകാതെയുണ്ട് ; | (ഡി) നിലവിൽ 4892 പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. പെൻഷനുവേണ്ടി ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. |
| (ഇ) പെൻഷനു പുറമെ മറ്റെന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷേമനിധി വഴി ലഭിക്കുന്നത് ; പെൻഷൻ കാലോചിതമായി പരിഷ്കരിക്കാൻ തയ്യാറാകുമോ ; | (ഇ) പെൻഷനു പുറമെ വിരമിച്ചവർക്കും, രാജിവച്ചവർക്കും ക്ഷേമനിധി ആനുകൂല്യമായി അവർ അടച്ച തുകയും ടി തുകയ്ക്ക് തുല്യമായ സർക്കാർ വിഹിതവും 11% പലിശയും നൽകുന്നുണ്ട്. കൂടാതെ ക്ഷേമനിധിയിൽ നിന്നും മരണാനന്തരാനുകൂല്യം, എക്സ്ഗ്രേഷ്യ, വിവാഹ വായ്പ, ഭവന നിർമ്മാണ വായ്പ, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ അവാർഡ് |

| | |
|---|---|
| | എന്നീ ആനുകൂല്യങ്ങളും അനുവദിച്ചു വരുന്നുണ്ട്. പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. |
| (എഫ്) പുതിയ അംഗൻവാടികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എവിടെയൊക്കെ ; | (എഫ്) കേന്ദ്രസർക്കാരാണ് പുതിയ അംഗൻവാടികൾ അനുവദിക്കുന്നത്. "അംഗൻവാടി ഓൺ ഡിമാന്റ്" സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് കോട്ടയം ഒഴികെയുള്ള 13 ജില്ലകളിലായി 329 പുതിയ അംഗൻവാടികൾ അനുവദിക്കുന്നതിനായി കേന്ദ്രസർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുകയാണ്. |
| (ജി) അംഗൻവാടികൾ തുടങ്ങാൻ ആവശ്യമായ മിനിമം സൗകര്യങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ? | (ജി) അംഗൻവാടികൾ തുടങ്ങാൻ ചുവടെ ചേർക്കുന്ന മിനിമം സൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>1. സുരക്ഷിതവും സൗകര്യപ്രദവുമായ കെട്ടിടത്തിൽ 40 കുട്ടികൾക്ക് ഇരിക്കുവാനും കളിക്കുവാനും വായുസഞ്ചാരമുള്ള മുറി<br>2. കളിപ്പാട്ടങ്ങളും, സാധനങ്ങളും സൂക്ഷിക്കുവാനുള്ള സ്ഥലം.<br>3. ആഹാരം പാചകം ചെയ്യുന്നതിനും അടുക്കള ഉപകരണങ്ങൾ ഭക്ഷണസാധനങ്ങൾ എന്നിവ സൂക്ഷിക്കുവാനുമുള്ള പ്രത്യേക സ്ഥലം.<br>4. ശുദ്ധമായ കുടിവെള്ളവും, ടോയ്ലറ്റ് സൗകര്യവും.<br>5. വാതിൽപ്പുറ കളികൾക്ക് ആവശ്യമായ തുറസ്സായ സ്ഥലം. |

**സെക്ഷൻ ഓഫീസർ**